# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 794

24.07.2012-ലെ മറുപടിയ്ക്ക്

### സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>,, പുരുഷൻ കടലുണ്ടി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. ബി. സത്യൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോടു കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥൻ വിജിലൻസ് ആഫീസറായി ഹെഡാഫീസിലും, ടിയാന്റെ കീഴിൽ ഓരോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (ഡി.വൈ.എസ്.പി) റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല എന്നീ മൂന്ന് മേഖലാ ആഫീസുകളും അടങ്ങുന്നതാണ് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടന. വിജിലൻസ് ആഫീസറുടെ ആസ്ഥാനം തിരുവനന്തപുരവും, ദക്ഷിണ മേഖലാ ആസ്ഥാനം ആലപ്പുഴയും, മദ്ധ്യ മേഖലയുട്ടേത് തൃശ്ശൂരുമാണ്, ഉത്തര മേഖലയുടേത് കണ്ണൂരുമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ, അഴിമതികൾ, മറ്റു ഗുരുതരമായ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് വ്യക്തമായ ശുപാർശയോടെ രജിസ്ട്രാർക്ക് സമർപ്പിയ്ക്കുകയെന്നതാണ് പ്രധാന കർത്തവ്യം. |

| | | | |
|---|---|---|---|
| (ബി) | സഹകരണ വിജിലൻസ് വിഭാഗത്തിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളതെന്നും എത്ര വേക്കൻസികൾ നികത്താനുണ്ടെന്നും വിശദമാക്കാമോ; | (ബി) | സഹകരണ വിജിലൻസ് വിഭാഗത്തിൽ താൽക്കാലിക/ദിവസ വേതന വ്യവസ്ഥയിലുൾപ്പെടെയുള്ളവരടക്കം ഇപ്പോൾ 39 ജീവനക്കാരാണ് ഉള്ളത്. വിവിധ തസ്തികകളിലായി 7 വേക്കൻസികൾ നികത്തുവാനുണ്ട്. |
| (സി) | വിജിലൻസ് വിഭാഗത്തിന്റെ തലവൻ ഉൾപ്പെടെയുള്ള തസ്തികകളിൽ ആളെ നിയമിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാമോ; | (സി) | ആഭ്യന്തര വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ ലഭിക്കാത്തതിനാലാണ് നിയമിക്കാത്തത്. |
| (ഡി) | ജീവനക്കാരുടെ അഭാവം കാരണം ഈ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | അത്തരത്തിലുള്ള സ്ഥിതിവിശേഷം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ